(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബ്ലേഡ് കമ്പനികളുടെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ റെയ്ഡുകൾ നടത്തി കുറ്റക്കാരെ അറസ്റ്റ് ചെയ്ത് നിയമത്തിനുമുന്നിൽ കൊണ്ടുവരികയും പ്രസ്തുത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഇത്തരം മാഫിയകൾക്കെതിരായി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ പോലീസ് മേധാവികളെയും നോഡൽ ഓഫീസർമാരെയും ബന്ധപ്പെടേണ്ട നമ്പരും ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾവഴി പരസ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ഇതിനുപുറമെ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. മേൽ നടപടികളിലൂടെ ബ്ലേഡ് കമ്പനികളുടെ പ്രവർത്തനത്തിന് ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുവാനും പൊതുജനങ്ങൾക്ക് ഭീതി കൂടാതെ പരാതികൾ സമർപ്പിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

ബ്ലേഡ് മാഫിയ

167 (6316) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബ്ലേഡ് മാഫിയയെ നിയന്ത്രിക്കുന്നതിനായി, നിലവിലുള്ള നിയമം ഭേദഗതി ചെയ്യുന്നകാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

പരിഗണനയിലുണ്ട്.

അനധികൃത പണമിടപാട് സംബന്ധിച്ച കേസ്സുകൾ

168 (6317) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ അനധികൃത പണമിടപാട് സംബന്ധിച്ച് കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം ലഭ്യമാക്കാമോ ;

(ബി) കേസ്സുകളിൽ പ്രതി ചേർക്കപ്പെട്ടവരുടെയും ഇനിയും പിടികൂടാനുള്ളവരുടെയും എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

(എ) അനധികൃത പണമിടപാട് സംബന്ധിച്ച് കേരളത്തിൽ 2011-12-ൽ 365 കേസ്സുകളും 2012-13 -ൽ 452 കേസ്സുകളും 2013-14-ൽ 1115 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly